Mr. Speaker: That has already been answered.

ശ്രീ. ഇട്ടീര അയ്യക്കൻ : കണക്കെടുപ്പ് ആഡിറ്റ ചെയ്തു തീരാതെ എങ്ങനെയാണ് ലാഭം ബഡ്ഡറ്റിൽ കാണിച്ചിരിക്കുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള : ആഡിറ്റ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. വി. ജയ്യ : പ്രൈവറ്റ ബസ്സുകൾക്ക് ചുമത്തുന്ന നികുതി ടാൻസ്പോർട്ട് ബസ്സുകൾക്കും ചുമത്തുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ട്.

ശ്രീ. എ. താണുപിള്ള : ഈ കണക്കുകൾ എന്നു പരിശോധിച്ചു തീരുമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : കഴിയുന്നതും വേഗത്തിൽ ചെയ്തു തീർക്കുന്നതാണ്.

ശ്രീ. സി വി. ജയ്യ : ടാൻസ്പോർട്ട് ബസ്സുകൾക്ക് ഇൻഡ്യാ ഗവൺമെൻറ് ആദായനികുതി ചുമത്തുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇല്ല.

കൺഡക്ടർമാർ

*൩൦൧. (൯൦) ശ്രീ. പി. കെ. കുമാരൻ ആചാരി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ടാൻസ്പോർട്ട് ഡിപ്പാർട്ട്മെൻറിൽ ആകെയുള്ള കൺഡക്ടർമാരും ഇൻസ്പെക്ടർമാരും എത്ര?

(ബി) ഓരോ ഇനത്തിലും വിശ്വകർമ്മസമുദായത്തിൽ പെട്ടവർ എത്രയുണ്ട്?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള :)

(എ) കൺഡക്ടറന്മാർ ൭൫൦. ഇൻസ്പെക്ടറന്മാർ ൫൫൪

(ബി) വിശ്വകർമ്മസമുദായത്തിൽപെട്ട കൺഡക്ടറന്മാർ ൫൫. ഇൻസ്പെക്ടറന്മാർ ഇല്ല.

ശ്രീ പി. കെ. കുമാരനാചാരി : ഇത്രയും ഉദ്യോഗസ്ഥന്മാരുള്ളതിൽ വിശ്വകർമ്മസമുദായത്തിൽ നിന്നും ൫൫ കൺഡക്ടറന്മാരെ മാത്രം നിയമിച്ചിട്ടുള്ളതു് സമുദായപ്രാതിനിധ്യം അനുസരിച്ചും ജനസംഖ്യാനുപാതികമായും ശരിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള : വിശ്വകർമ്മ സമുദായത്തിൽ എത്ര ജനസംഖ്യയുണ്ടെന്നും, ജനസംഖ്യാനുപാതികമായിട്ട് ഇത്രയും നിയമനങ്ങൾ നടത്തിയതു് ശരിയാണോ എന്നും ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ഈ നിയമനങ്ങൾ നടത്തിയിട്ടുള്ളതു് പബ്ലിക്ക് സർവ്വീസു് കമ്മീഷൻ മുഖാന്തിരമാണ്.

ശ്രീ. പി. കെ. കുമാരനാചാരി : ൭൯൫൦-ൽ എത്ര കൺഡക്ടറന്മാരേയും, ഇൻസ്പെക്ടറന്മാരേയും ഇപ്രകാരം തെരഞ്ഞെടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിനു നോട്ടീസുവേണം.

LIBRARY ARCHIVES Kerala Legislative Assembly

ஸ்ரீ. ஏ. சிதம்பரநாத நாடார்: விஸ்வகர்மா சமுதாயத்தில் மூன்று லக்ஷத்திற்கும் கூடுதல் ஜனத்துகையுண்டு என்பது மந்திரிக்குத் தெரியவருமா?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടായിരിക്കാം.

ശ്രീ. യു. കെ. വാസുദേവനാചാരി: പബ്ളിക്ക് സർവ്വീസ് കമ്മീഷൻ സമുദായപ്രാതിനിധ്യം അനുസരിച്ചല്ലേ നിയമനം നടത്തുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഏതു തത്വങ്ങളും അനുസരിച്ചെല്ലാമാണു് നിയമനങ്ങളും നടത്തുന്നതെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ യു. കെ. വാസുദേവനാചാരി: തത്വങ്ങളും അനുസരിച്ചു് നിയമനങ്ങളും നടത്തണമെന്നു ഗവൺമെൻറു വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: നിർദ്ദേശങ്ങളും ഒന്നും കൊടുത്തിട്ടില്ല

ശ്രീ ടി. വി. തേവൻ: ഏതടിസ്ഥാനത്തിലാണു് ഈ ചെക്കിംഗ് ഇൻസ്പെക്ടറന്മാരെ നിയമിക്കുന്നതു്.

ശ്രീ. ടി. കെ. നാരായണപിള്ള: പബ്ളിക്കു് സർവ്വീസു് കമ്മീഷൻ അവരുടെ വ്യവസ്ഥകളും അനുസരിച്ചു് സെലക്ഷൻ നടത്തുകയാണു് പതിവു്. ചിലപ്പോൾ പ്രമോഷൻ കൊടുക്കുന്നുമുണ്ടു്.

ശ്രീ. ടി. വി. തേവൻ: ചെക്കിംഗ് ഇൻസ്പെക്ടർ സ്ഥാനത്തേക്കു് പിന്നോക്ക സമുദായത്തിൽപ്പെട്ടവരുടെ അവകാശത്തെ അവഗണിച്ചുകൊണ്ടു് മറെറ വല്ലവരേയും നിയമിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ ഉണ്ടെന്നു തോന്നുന്നില്ല. ഉണ്ടെങ്കിൽ ഗവൺമെണ്ടിൻെറ ശ്രദ്ധയിൽപ്പെടുത്തിയാൽ ഉടൻ വേണ്ടതു ചെയ്യുന്നതാണു്.

ശ്രീ. എ. താണുപിള്ള: ഭരണഘടന നടപ്പിൽ വന്നതിനുശേഷം അതിലെ വ്യവസ്ഥകളനുസരിച്ചു് പബ്ളിക്കു് സർവ്വീസു് ചട്ടങ്ങളും ഭേദഗതി ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ ഭേദഗതി ചെയ്യുന്നതിനു വേണ്ട നടപടികളും ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീ. സി. സി. പ്രസാദ്: റിസർവു കണ്ടക്ടറന്മാർ ഇപ്പോൾ എത്രയുണ്ടെന്നു പറയുവാൻ കഴിയുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ഒരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ അന്വേഷിച്ചു് പറയാം.

ശ്രീ. ഇട്ടീര അമ്മുക്കൻ: പ്രാദേശിക പ്രാതിനിധ്യമില്ലെങ്കിലും പ്രാദേശിക മര്യാദയെ പരിഗണിച്ചു് കൊച്ചിക്കാർക്കു് കുറെപ്പേർക്കെങ്കിലും ടാൻസ്ഫോർഡിപ്പാർട്ടുമെണ്ടിൽ ഉദ്യോഗം കൊടുക്കുവാൻ ദയവുണ്ടാകുമോ?

Mr. Speaker: This is a suggestion for action. Next question.

സിമൻറു റോഡു്

* ൩൦൨. (൩൯) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ഈ ബഡ്ജററുവർഷത്തിൽ ആകെ എത്ര മൈൽ ദൂരത്തിൽ സിമൻറു റോഡു് ഉണ്ടാക്കിയിട്ടുണ്ടു്;

(ബി) അതിനു ആകെ ചിലവുചെയ്തിട്ടുള്ള തുകയെത്ര?

LIBRARY ARCHIVES Kerala Legislative Assembly